# യോഹന്നാന്റെ ജീവപഠനം

## ദൂത് നാല്പത്തിയേഴ്

## പുനരുത്ഥാനത്തിലുള്ള ജീവൻ

## ( 2 )

ഈ ദൂത് മുമ്പുള്ള ദൂതിന്റെ തുടർച്ചയാണ്

### *3. ആശ്വാസദായകൻ*

വിശ്വാസികളിലേക്ക് ഊതപ്പെട്ട ആത്മാവ് ആശ്വാസദായകനായിരുന്നു(14:16,26;15:26;16:7). ഈ ആശ്വാസദായകൻ"പാരക്ളീത്ത,"നമ്മുടെ ഉദ്ദേശ്യവും കാര്യങ്ങളും കരുതുന്നവനായി നമ്മോട് ഒപ്പം ഉള്ളവൻ ആണ്. ആശ്വാസദായകൻ എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്ക്പദം 1 യോഹന്നാൻ 2:1-ൽ കാര്യസ്ഥൻ എന്നു ഭാഷാന്തരം ചെയ്തിരിക്കുന്ന അതേ പദം ആണ്. 1 യോഹന്നാൻ 2:1, യോഹന്നാൻ 14:16-നോട് ചേർത്ത് നാം വയ്ക്കുന്നുവെങ്കിൽ, കർത്താവായ യേശു ഇന്ന് സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന നമ്മുടെ കാര്യസ്ഥനും, അതേസമയം നമ്മുടെ ആത്മാവിലുള്ള ആശ്വാസദായകനും ആകുന്നു എന്ന് നാം കാണും. സ്വർഗ്ഗത്തിൽ, അവൻ പിതാവിനോടൊത്തുള്ള കാര്യസ്ഥനും, നമ്മുടെ ആത്മാവിൽ അവൻ ആശ്വാസദായകനും ആണ്. അതുകൊണ്ടാണ്, അവൻ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഗോവണി ആയിരിക്കുന്നത്(1:51). ആരോഹണം ചെയ്ത കർത്താവ് എന്ന നിലയിൽ സ്വർഗ്ഗത്തിൽ, പിതാവിനോടൊപ്പം നമ്മുടെ കാര്യം നോക്കുന്ന നമ്മുടെ പാരക്ളീത്തയാണ് അവൻ. ഉള്ളിൽ വസിക്കുന്ന ആത്മാവ് എന്ന നിലയിൽ അവൻ "നമ്മോടുകൂടെ ഇരിക്കുന്ന പാരക്ളീത്ത"(14:16-17), നമ്മെ കരുതിക്കൊണ്ട് നമ്മോടൊപ്പം ഉള്ളവൻ ആണ്. ആശ്വാസദായകൻ എന്ന നിലയിൽ അവനെ ഞാൻ എത്രമാത്രം വിലമതിക്കുന്നു! ഒരേ സമയം അവൻ ഇവിടെയും അവിടെയും ഉണ്ട്.

### *4. യാഥാർത്ഥ്യത്തിന്റെ ആത്മാവ്*

ആത്മാവ് യാഥാർത്ഥ്യത്തിന്റെ ആത്മാവാണ്(14:17;15:26;16:13). പുത്രൻ പിതാവിന്റെ സമ്പൂർണ്ണതയോടുകൂടെ അവന്റെ ദേഹരൂപവും

(കൊലൊ.2:9), ആത്മാവ് പുത്രന്റെ സമ്പൂർണ്ണതയോടുകൂടെ അവന്റെ സാക്ഷാത്കാരവും, യാഥാർത്ഥ്യവും ആണ് (16:13-15;1:16). പിതാവ് തന്റെ സർവ്വസമ്പൂർണ്ണതയോടുംകൂടെ പുത്രനിൽ ദേഹരൂപമായിരിക്കുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു. പുത്രനെ കൂടാതെ ഒരു മനുഷ്യനും പിതാവിനെ കാണുവാനോ, ബന്ധപ്പെടുവാനോ കഴിയുകയില്ല. പുത്രൻ തന്റെ സർവ്വസമ്പൂർണ്ണതയോടുംകൂടെ ആത്മാവായി വെളിപ്പെടുന്നു; അവനെ ആത്മാവായി അനുഭവിച്ചറിയാം. ആത്മാവിനു പുറത്ത്, ഒരു മനുഷ്യനും പുത്രനെ സ്വീകരിക്കുവാനോ അനുഭവിക്കുവാനോ കഴിയുകയില്ല. നമ്മുടെ അനുഭവത്തിനുവേണ്ടി ത്രിയേകദൈവത്തിന്റെ യാഥാർത്ഥ്യമാണ് ആത്മാവ്.

### *5. തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവ്*

ശിഷ്യന്മാരിലേക്ക് ഊതപ്പെട്ട ആത്മാവ് തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവും ആയിരുന്നു(7:39). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുമ്പ്, ആത്മാവ് ദിവ്യമൂലകം മാത്രമുള്ള ദൈവത്തിന്റെ ആത്മാവ് മാത്രമായിരുന്നു. എന്നാൽ അവന്റെ പുനരുത്ഥാനത്തിനു ശേഷം അത് ദിവ്യമൂലകവും മനുഷ്യമൂലകവും ഉള്ള തേജസ്കരിക്കപ്പെട്ട മനുഷ്യനായ യേശുവിന്റെ ആത്മാവായിത്തീർന്നു. അങ്ങനെ ദൈവത്തിന്റെ ആത്മാവ് ഇപ്രകാരം സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവായിത്തീർന്നിരിക്കുന്നു.

നമ്മുടെ ദൈവം ഇന്ന് "പ്രക്രിയാവിധേയനായ"ദൈവമാണ്; അവൻ ഇപ്പോൾ മുമ്പ് ആയിരുന്നതുപോലെ അല്ല. തന്റെ ജഡാവതാരത്തിനു മുമ്പ് അവൻ ദിവ്യത്വത്തോടുകൂടിയ ദൈവം മാത്രമായിരുന്നു. ജഡാവതാരം, ക്രൂശ്മരണം, പുനരുത്ഥാനം എന്നീ പടികളിലൂടെ കടന്നുപോയതിനാൽ, അവൻ"പ്രക്രിയാവിധേയനായ"ദൈവമായിത്തീർന്നിരിക്കുന്നു. ഈ ധാരണ ഉപേക്ഷിക്കുകയോ ഇതുമായി വാദിക്കുവാൻ ശ്രമിക്കുകയോ ദയവായി ചെയ്യാതിരിക്കുക. കഴിഞ്ഞ കാല നിത്യതയിൽ, അവൻ ദൈവമായിരുന്നു. ഒരു ദിവസം, അവൻ ഒരു മനുഷ്യനായി ജഡാവതാരം ചെയ്യുകയും മനുഷ്യജീവിതാനുഭവങ്ങളിലൂടെ കടന്നുപോയിക്കൊണ്ട് മുപ്പത്തിമൂന്നര വർഷം ഭൂമിയിൽ ജീവിക്കുകയും ചെയ്തു. അത് ഒരു പ്രക്രിയ ആയിരുന്നില്ലേ? പിന്നീട് അവനെ ക്രൂശിന്മേൽ തറച്ച് കൊന്നു. അവൻ മരണത്തിലേക്ക് പ്രവേശിക്കുകയും, അതിനെ സന്ദർശിക്കുകയും അതിലൂടെ കടന്നുപോകുകയും, ഒടുവിൽ അതിൽനിന്ന് പുറത്തേക്ക് നടക്കുകയും ചെയ്തു. അതും ഒരു പ്രക്രിയ ആയിരുന്നില്ലേ? തീർച്ചയായും ആയിരുന്നു. പെസഹ കുഞ്ഞാട് കടന്നുപോയ പ്രക്രിയ പരിഗണിക്കുക. യഥാർത്ഥ പെസഹ കുഞ്ഞാടായ ക്രിസ്തുവും ഒരു പ്രക്രിയയിലൂടെ കടന്നുപോയി. ജഡാവതാരം, മനുഷ്യജീവിതം, ക്രൂശ്മരണം, പുനരുത്ഥാനം, ആരോഹണം എന്നിവയിലൂടെ സാക്ഷാൽ ദൈവം ജഡാവതാ

രത്തിനു മുമ്പ് താൻ ആയിരുന്നതിൽനിന്ന് ഇപ്പോൾ വ്യത്യസ്തനായി. സൃഷ്ടിയിൽ താൻ ആയിരുന്നതുപോലെ അവൻ ഒരിക്കലും വീണ്ടും ആകുകയില്ല. സൃഷ്ടിയിൽ അവൻ ദൈവം, ദിവ്യഉണ്മ മാത്രമായിരുന്നു. എന്നാൽ ജഡാവതാരം, മനുഷ്യജീവിതം, ക്രൂശ്മരണം, പുനരുത്ഥാനം എന്നിവയിലൂടെ കടന്നുപോയതിനുശേഷം, അവൻ എന്തൊരു മഹാദൈവം ആയിത്തീർന്നിരിക്കുന്നു! ഇപ്പോൾ അവൻ ദിവ്യത്വം മാത്രമുള്ള ദൈവമല്ല, പിന്നെയോ മനുഷ്യത്വവും മനുഷ്യജീവിതവും സർവ്വവും ഉൾക്കൊള്ളുന്ന ക്രൂശ്മരണവും പുനരുത്ഥാനവും ആരോഹണവും ഉള്ളവനാണ്. അവൻ ഇപ്പോൾ ദിവ്യത്വവും മനുഷ്യത്വവും അനേക നന്മകളും സദ്ഗുണങ്ങളും നേട്ടങ്ങളും ഉള്ള അത്ഭുതവാനായ ഒരു വ്യക്തിയാണ്. ഇതാണ്, നമ്മുടെ അടുത്ത് വരുകയും സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവായി നമ്മിലേക്ക് പ്രവേശിക്കുകയും ചെയ്ത ഇന്നത്തെ നമ്മുടെ ദൈവം. നമ്മുടെ ആസ്വാദനത്തിനുവേണ്ടി പ്രക്രിയാവിധേയനായ ദൈവമാണ് ഇത്. ഇന്ന് ഇത്തരം ഒരു പ്രക്രിയാവിധേയനായ ദൈവത്തെ നാം ആസ്വദിക്കുന്നു. "പ്രക്രിയാവിധേയനായ" എന്ന പദം ഉപയോഗിക്കുന്നതുകൊണ്ട് ചില ക്രിസ്ത്യാനികൾ എന്നെ വിമർശിച്ചേക്കാമെങ്കിലും, അതിനെ വിമർശിച്ചുകൊണ്ട് പുസ്തകങ്ങൾ എഴുതുവാൻ ശ്രമിക്കുന്തോറും, അവർ വെളിച്ചം കാണും. സത്യം സത്യമാണ്. നാം"പ്രക്രിയാവിധേയനായ" ദൈവത്തെ ആസ്വദിക്കുന്നു. ഈ"പ്രക്രിയാവിധേയനായ"ദൈവം ഇന്ന് പുനരുത്ഥാനത്തിലുള്ള ജീവൻ ആണ്. ഈ പുനരുത്ഥാനത്തിന്റെ യാഥാർത്ഥ്യംതന്നെ ജീവൻനൽകുന്ന ആത്മാവ് ആണ്. അതുകൊണ്ട്, ജീവൻനൽകുന്ന ആത്മാവ് പുനരുത്ഥാനത്തിൽ ജീവനാണ്. തന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവായ പുനരുത്ഥാനത്തിലെ ജീവൻ ആയതിനാൽ അവനെ സ്തുതിക്കുന്നു.

Tue

### *6. "യേശുവിന്റെ ആത്മാവ്," "ക്രിസ്തുവിന്റെ ആത്മാവ്," "യേശുക്രിസ്തുവിന്റെ ആത്മാവ്"*

ഈ ആത്മാവ് യേശുവിന്റെ ആത്മാവും, ക്രിസ്തുവിന്റെ ആത്മാവും, യേശുക്രിസ്തുവിന്റെ ആത്മാവും ആണ്. യേശുവിന്റെ ആത്മാവ് പ്രധാനമായും സൂചിപ്പിക്കുന്നത്, നമ്മുടെ വീണ്ടെടുപ്പ് നിറവേറ്റുന്നതിനുവേണ്ടി ഒരു മനുഷ്യനായി ഭൂമിയിൽ ജീവിക്കുകയും മാനുഷിക പീഡകളിലൂടെ കടന്നുപോകുകയും ചെയ്ത കർത്താവിന്റെ ആത്മാവിനെയാണ്(പ്രവൃ.16:7). ക്രിസ്തുവിന്റെ ആത്മാവ് പ്രധാനമായും സൂചിപ്പിക്കുന്നത്, നമ്മുടെ ജീവനായി നമ്മുടെ ആത്മാവിൽ വസിക്കുന്ന ഉയർത്തപ്പെട്ട മനുഷ്യത്വത്തോടുകൂടെ ദിവ്യവ്യക്തിയായി പുനരുത്ഥാനം ചെയ്ത കർത്താവിന്റെ ആത്മാവിനെ ആണ്(റോമ.8:9). തന്റെ മുഴുവൻ ദിവ്യസദ്ഗുണങ്ങളോടും മാനുഷിക നന്മകളോടും,

തന്റെ സമ്പാദ്യങ്ങളിലുള്ള നേട്ടങ്ങളോടുംകൂടെ തന്റെ ദിവ്യത്വവും, തന്റെ മനുഷ്യത്വവും, തന്റെ മനുഷ്യജീവിതവും, തന്റെ ക്രൂശ്മരണവും, തന്റെ പുനരുത്ഥാനവും, തന്റെ ആരോഹണവും, ഉൾക്കൊള്ളുന്ന ദൈവം എന്ന നിലയിലും മനുഷ്യൻ എന്ന നിലയിലും കർത്താവിന്റെ സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവിനെയാണ് യേശുക്രിസ്തുവിന്റെ ആത്മാവ് സൂചിപ്പിക്കുന്നത്. അതുകൊണ്ട്, സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവിന്,"സമൃദ്ധമായ സഹായം"ഉണ്ട്(ഫിലി.1:19). നാം ആയിരിക്കുന്ന സാഹചര്യം എന്തുതന്നെയായിരുന്നാലും നമുക്ക് എന്ത് ആവശ്യം ഉണ്ടായാലും, സർവ്വവും ഉൾക്കൊള്ളുന്ന ഈ ആത്മാവിന്, യേശുക്രിസ്തുവിന്റെ ആത്മാവിന്, നമ്മുടെ ആവശ്യം നിറവേറ്റുവാനായി ശരിയായ സഹായം ചെയ്യുവാൻ കഴിയും. പൗലൊസ് അപ്പൊസ്തലൻ ഫിലിപ്പിയർ 1:19 എഴുതുമ്പോൾ അവൻ തടവുശിക്ഷ അനുഭവിക്കുകയായിരുന്നു. അത്തരം ഒരു സാഹചര്യത്തിൽ, അവൻ കഷ്ടതയനുഭവിക്കുന്ന യേശുവിന്റെയും പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെയും സർവ്വവും ഉൾക്കൊള്ളുന്ന ആത്മാവിന്റെ സമൃദ്ധമായ സഹായം അനുഭവിച്ചു.

### *7. "ഒടുക്കത്തെ ആദാം" "ജീവൻ നൽകുന്ന ആത്മാവ്" ആയിത്തീരുന്നു*

നാം കണ്ടതുപോലെ,"ഒടുക്കത്തെ ആദാം" "ജീവൻ നൽകുന്ന ആത്മാവ്"ആയിത്തീർന്നു എന്ന് 1 കൊരിന്ത്യർ 15:45 പറയുന്നു. അവന്റെ ഒന്നാമത്തെ രൂപം ജഡം ആയിരുന്നു(1:14); രണ്ടാമത്തെ രൂപം ആത്മാവാണ്. അതുകൊണ്ട്, ഇപ്പോൾ കർത്താവ് ആത്മാവാണ് (2 കൊരി.3:17). നമ്മുടെ അനുഭവമായിത്തീരുന്നതിനുവേണ്ടി കർത്താവ് രണ്ടു പടികൾ എടുത്തു. ജഡാവതാരം എന്ന ഒന്നാമത്തെ പടിയിൽ, അവൻ നമുക്കുവേണ്ടി വീണ്ടെടുപ്പ് സാധിക്കുവാൻ രക്തത്തോടുകൂടെ ജഡത്തിന്റെ രൂപം എടുത്തു. പുനരുത്ഥാനം എന്ന രണ്ടാമത്തെ പടിയിൽ, നമ്മുടെ ജീവനായി തന്നെത്തന്നെ നമ്മിലേക്ക് പകരുന്നതിനുവേണ്ടി ആത്മാവിന്റെ രൂപമായി അവൻ കായാന്തരപ്പെട്ടു. ഇതിലൂടെയെല്ലാം നമ്മുടെ ജീവനും സകലവുമായി അവനിൽ പങ്കാളിയാകുവാൻ നാം വീണ്ടെടുക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്തു.

### *8. ജീവന്റെ ആത്മാവ്*

ആത്മാവ് ജീവന്റെ ആത്മാവാണ് എന്ന് റോമർ 8:2 പറയുന്നു. ശിഷ്യന്മാരിലേക്ക് ഊതപ്പെടുകയും ശിഷ്യന്മാരിൽ വസിക്കുകയും ചെയ്യുന്ന ജീവന്റെ ശ്വാസമാണ് ജീവന്റെ ആത്മാവ്(14:16-17). യോഹന്നാന്റെ വിവരണത്തിൽ ഇത് ജീവനുവേണ്ടിയാണ്. ലൂക്കൊസിന്റെ രേഖയിലെ ശക്തിക്കുവേണ്ടി, ആത്മാവിനെ ശിഷ്യന്മാരുടെമേൽ വീശുന്ന ശക്തി

യായ കാറ്റിനോട്(പ്രവൃ.2:2-4) ഉപമിച്ചിരിക്കുന്നു. യോഹന്നാന്റെ വിവരണത്തിൽ, ശിഷ്യന്മാരിലേക്ക് ഊതപ്പെടുകയും(20:22) അവരുടെ ജീവനായി അവരിൽ വസിക്കുകയും ചെയ്യുന്ന ജീവന്റെ ശ്വാസത്തോട് ആത്മാവിനെ ഉപമിച്ചിരിക്കുന്നു. ഈ ജീവന്റെ ആത്മാവ് ഇപ്പോൾ ജീവിപ്പിക്കുന്ന ആത്മാവായ, പുനരുത്ഥാനം ചെയ്ത ക്രിസ്തുതന്നെയാണ്.

## F. ശിഷ്യന്മാരെ അധികാരപ്പെടുത്തുന്നു

തന്റെ ശിഷ്യന്മാരുടെമേൽ ഊതിയശേഷം, കർത്താവ് അവരോട് "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർ മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു,"എന്ന് പറഞ്ഞു(20:23). കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം നൽകിക്കൊണ്ട് ജനത്തിന്റെ പാപം മോചിക്കുന്നതിൽ തന്നെ പ്രതിനിധാനം ചെയ്യുവാനുള്ള അധികാരം തന്റെ ശിഷ്യന്മാർക്ക് കർത്താവ് നൽകിയെന്ന് നാം ഇവിടെ കാണുന്നു. ഇത് ജനത്തിന്റെ പാപം മോചിക്കുവാനോ അവരെ ശിക്ഷാവിധിയിൻകീഴിൽ നിറുത്തുവാനോ ഉള്ള അധികാരമാണ്. ശിഷ്യന്മാർക്ക് ഈ അധികാരം ഉണ്ടെങ്കിലും അത് അവരിൽതന്നെയല്ല, പരിശുദ്ധാത്മാവിൽ പ്രയോഗിക്കുവാനുള്ളതാണ്. നാം പരിശുദ്ധാത്മാവിൽ ആയി, പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുമ്പോൾ, ഒരു വ്യക്തിയോട് ദൈവം പാപം ക്ഷമിച്ചോ ഇല്ലയോ എന്ന് തീരുമാനിക്കുവാനുള്ള അധികാരം നമുക്കുണ്ട്. അവന് പാപമോചനം ലഭിച്ചു എന്നു നാം പറയുകയാണെങ്കിൽ, അത് അങ്ങനെ ആയിരിക്കണം. എന്നാൽ നാം പരിശുദ്ധാത്മാവിലായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുമ്പോൾ മാത്രമേ, ഈ അധികാരം പ്രയോഗിക്കുവാൻ നമുക്ക് കഴിയുകയുള്ളു. മാത്രമല്ല, ഈ അധികാരം ശരീരത്തിന്റെ കൂട്ടായ്മയിലും ശരീരത്തിന്റെ കൂട്ടായ്മയ്ക്കുവേണ്ടിയും ആയിരിക്കണം. ജനത്തിന് പാപമോചനം നൽകുന്നതിൽ കർത്താവിനെ പ്രതിനിധാനം ചെയ്യുവാനുള്ള ഈ അധികാരം ശരീരത്തിന്റെ കൂട്ടായ്മയിലാണ് നമുക്കുള്ളത്. കർത്താവിനെ പ്രതിനിധാനം ചെയ്തുകൊണ്ട് നാം, ദൈവം പാപമോചനം നൽകിയ ജനത്തെ സഭയിലേക്ക്, അവന്റെ ശരീരത്തിലേക്ക്, സ്വീകരിക്കത്തക്കവണ്ണം ഇതും ശരീരത്തിനുവേണ്ടിയാണ്.

## G. പെന്തക്കൊസ്തിനു മുമ്പുള്ള സഭയുടെ ആദ്യയോഗം

20:19-ൽ ശിഷ്യന്മാരുടെ കൂടിവരവ്, കർത്താവിന്റെ പുനരുത്ഥാന ദിവസം വൈകുന്നേരമുള്ള പെന്തക്കൊസ്തിനു മുമ്പുള്ള സഭയുടെ ആദ്യയോഗമായി കണക്കാക്കാവുന്നതാണ്. പുത്രൻ, പിതാവിന്റെ നാമത്തെ പ്രസ്താവിക്കുകയും സഭയിൽ പിതാവിനെ സ്തുതി

ക്കുകയും ചെയ്യുമെന്ന എബ്രായർ 2:10-12 അനുസരിച്ച് സങ്കീർത്തനം 22:22 നിറവേറുന്നതിനായിരുന്നു ഈ യോഗം. പിതാവിന്റെ നാമം പ്രസ്താവിക്കുക എന്നാൽ ശിഷ്യന്മാർക്ക് പിതാവിന്റെ ദിവ്യപ്രകൃതത്തിൽ പങ്കെടുക്കുവാൻ കഴിയത്തക്കവണ്ണം ജീവന്റെ ഉറവിടമായി പിതാവിനെ അവർക്ക് അറിയിച്ചുകൊടുക്കുക എന്നാണ്. സഭയിൽ പിതാവിനെ സ്തുതിക്കുക എന്നാൽ, സഭായോഗങ്ങളിലുള്ള അവന്റെ വിശ്വാസികളുടെ സ്തുതിയിൽ പിതാവിനെ സ്തുതിക്കുക എന്നാണ്. സങ്കീർത്തനം 22:22-ഉം എബ്രായർ 2:10-12-ഉം പ്രകാരം, തന്റെ പുനരുത്ഥാനദിവസത്തെ സഭയുടെ ആദ്യയോഗത്തിൽ പുനരുത്ഥാനം ചെയ്ത കർത്താവ് ഈ രണ്ടു കാര്യങ്ങളും ചെയ്തു.

പുനരുത്ഥാനത്തിനു ശേഷം, ഒന്നാം ദിവസം വൈകുന്നേരം മുതൽ, കർത്താവ് തന്റെ ശിഷ്യന്മാരെ സന്ദർശിക്കുവാൻ വന്നു. അങ്ങനെ, കർത്താവിന്റെ പുനരുത്ഥാനത്തിൽ വിശുദ്ധന്മാരെ സന്ദർശിക്കുന്നത് വളരെ പ്രധാനമാണ്. മഗ്ദലനക്കാരത്തി മറിയ രാവിലെ വ്യക്തിപരമായി കർത്താവിനെ കാണുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തു(20:16-18), എന്നാൽ കൂടുതലും മഹത്വകരവുമായ അനുഗ്രഹങ്ങൾ സംഘാതമായി ലഭിക്കുവാനായി കർത്താവിനെ സന്ദർശിക്കുവാൻ വൈകുന്നേരത്ത് വിശുദ്ധന്മാരുമൊത്തുള്ള കൂടിവരവ് അവൾക്ക് അപ്പോഴും ആവശ്യമായിരുന്നു(20:19-23). തന്റെ പുനരുത്ഥാനത്തിനു ശേഷം ശിഷ്യന്മാരുമൊത്തുള്ള കർത്താവിന്റെ ഈ ആദ്യയോഗത്തിൽ, കർത്താവിന്റെ, സാന്നിദ്ധ്യവും സമാധാനവും കർത്താവിന്റെ ഊതലും കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരവും നമുക്കുണ്ട്. ആ സഭായോഗത്തിൽ കർത്താവ് തന്റെ ശിഷ്യന്മാർക്ക് കൊണ്ടുവന്ന അനുഗ്രഹങ്ങളായിരുന്നു അവ. പ്രഭാതയാമത്തിൽ, കർത്താവുമൊത്തുള്ള മറിയയുടെ കൂട്ടായ്മ എത്ര നന്നായിരുന്നാലും, ഈ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുവാൻ വൈകുന്നേരത്തുള്ള യോഗത്തിന് അവൾ വരേണ്ടത് അപ്പോഴും ആവശ്യമായിരുന്നു. ഈ അനുഗ്രഹങ്ങൾ മഹത്വകരവും കൂടുതൽ പ്രാധാന്യം ഉള്ളവയുമാണ്. പ്രഭാതയാമത്തിൽ കർത്താവിൽനിന്നോ കർത്താവിന്റേതായതോ ചിലത് നമുക്ക് ലഭിച്ചേക്കാം. എന്നാൽ അത് വ്യക്തിപരമായും ഓരോരുത്തനായും നമുക്ക് വേണ്ടതായ ഒന്നാണ്. കൂടുതൽ പ്രധാന്യമുള്ള ചിലത് ലഭിക്കുവാൻ യോഗങ്ങൾക്ക് നാം വരണം. പ്രഭാതയാമവും സഭായോഗങ്ങളും രണ്ടു വശമാണ്. ആദ്യവശത്തുള്ള വ്യക്തിപരമായ അനുഗ്രഹം എന്നപോലെ തന്നെ, രണ്ടാമത്തെ വശത്തുള്ള സംഘാതമായ അനുഗ്രഹവും നമുക്ക് ആവശ്യമാണ്.

Wed — കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷം ശിഷ്യന്മാരുമൊത്തുള്ള അവന്റെ ആദ്യയോഗം തോമസ്സിന് നഷ്ടപ്പെട്ടു. എന്നാൽ, രണ്ടാമത്തെ യോഗത്തിൽ പങ്കെടുത്തതുമൂലം ആ യോഗത്തിൽ നഷ്ടപ്പെട്ടത്

അവന് തിരികെ ലഭിച്ചു(20:25-28). സഭായോഗങ്ങളിൽ ഒന്നുപോലും നാം മുടക്കരുത്. അത് സാരമില്ല എന്നും, നമുക്ക് വീട്ടിൽ വിശ്രമിക്കാം എന്നും നാം പറയരുത്. കർത്താവ് വന്നാൽ, തോമസ്സിനെപ്പോലെ നാമും അവനെ നഷ്ടപ്പെടുത്തിയേക്കാം. കർത്താവിന്റെ പ്രത്യക്ഷത തോമസ്സിന് നഷ്ടപ്പെട്ടു. ആ സഭായോഗത്തിലുള്ള തന്റെ അസാന്നിദ്ധ്യം മൂലം അവന് യഥാർത്ഥത്തിൽ ചില കുറവുണ്ടായി. ഈ അദ്ധ്യായം വെളിപ്പാട് നിറഞ്ഞതാണ്, എന്നാൽ അതെല്ലാം തോമസ്സ നഷ്ടപ്പെടുത്തി. പ്രഭാതയാമവും സഭായോഗവും നഷ്ടപ്പെടുത്തിയതിനാൽ, കർത്താവിന്റെ പുനരുത്ഥാനത്തിന്റെ വെളിപ്പാടും കണ്ടെത്തലും അനുഭവവും അവന് നഷ്ടപ്പെട്ടു. ശിഷ്യന്മാർ കർത്താവിന്റെ സഹോദരന്മാരാണെന്നും ദൈവത്തിന്റെ പുത്രന്മാർ ആണെന്നും ഉള്ള വെളിപ്പാട് അവന് നഷ്ടപ്പെട്ടു. സമാധാനവും പരിശുദ്ധാത്മാവിന്റെ ഊതലും ദിവ്യനിയോഗവും അധികാരവും അവന് നഷ്ടപ്പെട്ടു. അവൻ രക്ഷിക്കപ്പെട്ടവനും ഒരു സഹോദരനും ആയിരുന്നു, എന്നാൽ ആ യോഗത്തിൽ പങ്കെടുക്കാത്തതു കാരണം അവന് വലിയ നഷ്ടം നേരിട്ടു.

പ്രഭാതവേളകളിൽ വ്യക്തിപരമായും ഒറ്റയായും ഉള്ള പ്രഭാതജാഗരണം, നമുക്ക് ആവശ്യമാണ്. എന്നാൽ വൈകുന്നേരങ്ങളിൽ നാം സഭായോഗങ്ങൾക്ക് കടന്നുവരണം. ഇതര സഹോദരീസഹോദരന്മാരോടൊത്ത് കൂടിവരേണ്ടത് നമുക്ക് എത്രയോ ആവശ്യമാണ്! അപ്പോൾ കൂടുതലായും വ്യത്യസ്തമായും മഹത്തരമായതുമായ ചിലതുമായി കർത്താവ് വരും. പ്രഭാതജാഗരണങ്ങളിലെ നിങ്ങളുടെ അത്ഭുതകരമായ അനുഭവങ്ങൾകൊണ്ട് അഭിമാനിക്കുകയോ, പ്രഭാതജാഗരണം മാത്രം മതി എന്നു പറയുകയോ ചെയ്യരുത്. സഭായോഗങ്ങൾക്ക് നാം വരികയും വിശുദ്ധന്മാരെ കണ്ടുമുട്ടുകയും ചെയ്യണം. നമ്മിൽ ചിലർ പ്രഭാതജാഗരണവും ചിലർ സായാഹ്നയോഗവും നഷ്ടപ്പെടുത്തുന്നു. സംഘാതമായ സായാഹ്നയോഗത്തിൽ സംബന്ധിക്കുന്നതുപോലെ തന്നെ വ്യക്തിപരമായ പ്രഭാതജാഗരണവും നമുക്കുണ്ടായിരിക്കണം. പ്രഭാതജാഗരണം സായാഹ്നയോഗത്തിന് പകരമായിരിക്കുകയില്ല. പ്രഭാതജാഗരണത്തിന് പകരമാകുവാൻ സായാഹ്നയോഗത്തിനും കഴിയുകയില്ല. നമുക്ക് രണ്ടും ആവശ്യമാണ്. ദൈവത്തെ സംബന്ധിച്ച്, എല്ലാ കാര്യങ്ങൾക്കും രണ്ടു വശമുണ്ട്. കർത്താവുമായി ബന്ധപ്പെടുന്നതിനുപോലും രണ്ടുവശമുണ്ട്: വ്യക്തിപരമായതും സംഘാതമായതും. ഈ കാര്യത്തിന്, രാവിലെ പ്രഭാതജാഗരണവും സായാഹ്നത്തിൽ യോഗങ്ങളും ഉണ്ട്. അതുകൊണ്ട്, പ്രഭാതജാഗരണമോ സഭായോഗങ്ങളോ നാം അവഗണിക്കരുത്. നവീനവും പുതുമയുള്ളതും നേരിട്ടുള്ളതുമായ ചിലത് പ്രഭാതത്തിൽ മറിയയ്ക്ക് ലഭിച്ചു, മറ്റൊന്നിനും അതിന് പകരമായിരിക്കുവാൻ കഴിയുകയില്ല. എന്നിരുന്നാലും, അവൾക്ക് ചിലതുകൂടി ആവശ്യമായിരുന്നു-സമാധാനവും

ഊതലും നിയോഗവും. ഈ കാര്യങ്ങൾ സഭായോഗങ്ങളിൽ മാത്രമേ ലഭിക്കുകയുള്ളൂ. കർത്താവിൽനിന്നുള്ള നിയോഗം സഭയ്ക്കാണ്, വ്യക്തിക്കല്ല. അതുകൊണ്ട് അയയ്ക്കപ്പെടുവാൻ കഴിയുന്നതിനു മുമ്പ് നാം സഭയിൽ ആയിരിക്കണം. നിയോഗം, ശരീരത്തെ സംബന്ധിച്ച കാര്യമാണ്. അതുകൊണ്ട്, സഭയിലും സഭയിലൂടെയും കർത്താവ് നമ്മെ അയയ്ക്കണം.

കർത്താവ് വിട്ടുപോയതായി ഈ അദ്ധ്യായം ഒരിക്കലും സൂചിപ്പിക്കുന്നില്ല എന്നത് വിചിത്രമാണ്. അവൻ ശിഷ്യന്മാരെ വിട്ടുപോയതായി അത് ഒരിക്കലും നമ്മോട് പറയുന്നില്ല. സ്പർശിക്കുവാൻ കഴിയുമായിരുന്ന ഒരു ഭൗതികശരീരത്തോടുകൂടെ, അടച്ചിരുന്ന വാതിലിലൂടെ കർത്താവ് വന്നത് തികച്ചും വിചിത്രമാണ്. കർത്താവ് തന്റെ പുനരുത്ഥാനത്തിനുശേഷം ആത്മാവായിരുന്നു എന്നാണ് അതിന്റെ അർത്ഥം. ഉയിർത്ത കർത്താവ് ഇപ്പോൾ ആത്മാവ് ആയതുകൊണ്ട്, അവന് ഏതു സമയത്തും ഏതു സ്ഥലത്തും തന്റെ ശിഷ്യന്മാരോടൊപ്പം ആയിരിക്കുവാൻ കഴിയും. തന്റെ പുനരുത്ഥാനം മുതൽ കർത്താവിന് സമയമോ കാലമോ പ്രശ്നമല്ല. ഏതു സാഹചര്യത്തിലും കർത്താവിന് നമ്മോടൊപ്പം ആയിരിക്കുവാൻ കഴിയും. നാം വാതിൽ അടച്ചാലും, അവൻ അപ്പോഴും നമ്മോടൊപ്പം ഉണ്ട്. ഈ അദ്ധ്യായ പ്രകാരം, അവൻ എവിടെനിന്ന് വരുന്നുവെന്നോ, എപ്പോൾ വരികയും പോകുകയും ചെയ്യുന്നുവെന്നോ, നമുക്ക് അറിഞ്ഞുകൂടാ. ഞാൻ ഈ അദ്ധ്യായം പല പ്രാവശ്യം വായിച്ചിട്ടുണ്ട്. കർത്താവ് എവിടെ പോയി എന്നതിന് യാതൊരു സൂചനയും എനിക്ക് കണ്ടെത്തുവാൻ കഴിഞ്ഞില്ല. പുനരുത്ഥാനത്തിനു ശേഷം കർത്താവ് ആത്മാവാണെന്നും ഏതു സമയത്തും ഏതു സ്ഥലത്തും എല്ലാ സാഹചര്യത്തിലും ആത്മാവായി അവൻ നമ്മോടൊപ്പം ഉണ്ടെന്നും ആണ് ഇതിന്റെ അർത്ഥം. കർത്താവ് എല്ലായ്പ്പോഴും നമ്മോടൊപ്പം ഉണ്ട്; ചിലപ്പോൾ അവന്റെ സാന്നിദ്ധ്യം നാം സംവേദിക്കുകയും ചിലപ്പോൾ അങ്ങനെ ചെയ്യുകയില്ലെന്നും മാത്രമാണ് വ്യത്യാസം. അവന്റെ സാന്നിദ്ധ്യം നാം അറിയാത്തപ്പോൾപോലും, അവൻ ഇവിടെ ഉണ്ട്. ഇന്ന് നമുക്ക്, ഇത് അവൻ വരുന്നതിന്റെയും പോകുന്നതിന്റെയും കാര്യമല്ല; ഇത് അവന്റെ പ്രത്യക്ഷതയുടെയോ അപ്രത്യക്ഷതയുടെയോ കാര്യമാണ്. അവൻ വരുമ്പോൾ അതിനർത്ഥം അവൻ പ്രത്യക്ഷപ്പെടുന്നു എന്നാണ്; അവൻ പോകുമ്പോൾ അതിനർത്ഥം അവൻ അപ്രത്യക്ഷനാകുന്നു എന്നാണ്. എന്നാൽ വാസ്തവത്തിൽ അവൻ എല്ലായ്പ്പോഴും ഇവിടെ ഉണ്ട്. അവന്റെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ നാം അറിഞ്ഞാലും, കർത്താവ് എപ്പോഴും ഇവിടെ ഉണ്ട്. ഇപ്പോൾ കർത്താവിനെ സംബന്ധിച്ചിടത്തോളം വരവോ പോക്കോ ഇല്ല. ഇപ്പോൾ അവന്റെ പ്രത്യക്ഷതയുടെയോ അപ്രത്യക്ഷതയുടെയോ വ്യത്യാസം മാത്രമേ ഉള്ളൂ. അവൻ സകലവും നിവർത്തിച്ചതുകൊണ്ട്, അവൻ ശിഷ്യന്മാരോട് തന്നെ ഒന്നായിരിക്കുന്നു; അവർ ഇപ്പോൾ അവനോടുകൂടെ ഒന്നാണ്.

## IV. വിശ്വാസികളോടൊത്തുള്ള യോഗം

### A. "എട്ടു ദിവസം കഴിഞ്ഞിട്ട്"

"എട്ടു ദിവസം കഴിഞ്ഞിട്ട് ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കുമ്പോൾ യേശു വന്നു നടുവിൽ നിന്നുകൊണ്ട്, നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു,"എന്ന് യോഹന്നാൻ 20:26 പറയുന്നു. ഇവിടെ ശിഷ്യന്മാരുടെ കൂടിവരവ്, പെന്തക്കൊസ്തിനു മുമ്പ് കർത്താവിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സഭയുടെ രണ്ടാമത്തെ യോഗമായി കണക്കാക്കാവുന്നതാണ്. "എട്ടു ദിവസം കഴിഞ്ഞിട്ട്"എന്ന ശൈലി സൂചിപ്പിക്കുന്നതുപോലെ, ഈ കൂടിവരവ് രണ്ടാമത്തെ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ, കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷമുള്ള രണ്ടാമത്തെ കർത്തൃദിവസം ആയിരുന്നു. ഒരു കർത്തൃദിവസം മാത്രമല്ല, രണ്ടാമതൊന്നുകൂടി ഉണ്ടായിരുന്നതിനായി കർത്താവിന് സ്തോത്രം. രണ്ടാമത്തെ കർത്തൃദിവസം തോമസ് അവിടെ ഉണ്ടായിരുന്നു. നാം കാണുവാനിരിക്കുന്നതുപോലെ, ഈ പ്രാവശ്യം കർത്താവ് നേരിട്ട് തോമസിന്റെ അടുത്തേക്ക് അവനെ കാണുവാനും അവനോട് ഇടപെടുവാനുമായി അവനുവേണ്ടി കരുതിക്കൂട്ടി വന്നു.

തന്റെ പുനരുത്ഥാനത്തിനു ശേഷം കർത്താവ് ഒന്നാമത് തന്റെ അന്വേഷകയായ, മഗ്ദലനക്കാരത്തി മറിയയ്ക്ക്, പ്രത്യക്ഷനായി. പിന്നീട്, പിതാവിന്റെ സംതൃപ്തിക്കായി തന്റെ പുനരുത്ഥാനത്തിന്റെ പുതുമ പിതാവിന് സമർപ്പിച്ചുകൊണ്ട് പിതാവിങ്കലേക്ക് രഹസ്യമായി ആരോഹണം ചെയ്തു. അതിനുശേഷം, തന്നെത്തന്നെ തന്റെ ശിഷ്യന്മാരിലേക്ക് ഊതുവാനും, തന്റെ സഹോദരന്മാരോടൊത്ത് കൂടിവരുവാനുമായി ആത്മാവായി അവൻ മടങ്ങി വന്നു. ഇപ്പോൾ, 26-ാം വാക്യത്തിൽ, അവൻ തന്റെ സഹോദരന്മാരോടൊത്ത് കൂടിവരവ് തുടരുന്നതായി നാം കാണുന്നു. വിശ്വാസികളോടൊത്ത് കൂടിവരുന്നത് ഒരു ചെറിയ കാര്യമാണെന്ന് ഒരിക്കലും കണക്കാക്കരുത്. അതൊരു മഹത്തായ കാര്യമാണ്; നാം അത് നഷ്ടപ്പെടുത്തുകയും ചെയ്യരുത്. പുനരുത്ഥാനദിവസം നന്നേ പ്രഭാതത്തിൽ മറിയ അനുഭവിച്ചതിനെ ഞാൻ വിലമതിക്കുന്നു. തീർച്ചയായും, ഏറ്റവും നല്ല പ്രഭാതജാഗരണമാണ് അവൾക്ക് ലഭിച്ചത്. സായാഹ്നയോഗത്തിൽ സംബന്ധിക്കുവാൻ ആ പ്രഭാതജാഗരണം അവൾക്ക് ഇടയാക്കി.

### B. അവന്റെ വരവ് അവന്റെ പ്രത്യക്ഷതയാണ്

എട്ടു ദിവസം മുമ്പ് 19-ാം വാക്യത്തിൽ കർത്താവ് വന്നതിനു ശേഷം, കർത്താവ് തന്റെ ശിഷ്യന്മാരെ വിട്ടുപോയതായി കാണിക്കുന്ന യാതൊരു വാക്കോ സൂചനയോ യോഹന്നാന്റെ വിവരണത്തിലില്ല. കാരണം ശിഷ്യന്മാർ അവന്റെ സാന്നിദ്ധ്യത്തെ സംബന്ധിച്ച് ബോധവാന്മാരായിരുന്നില്ലെങ്കിലും വാസ്തവത്തിൽ അവൻ അവരോടൊത്ത്

ഉണ്ടായിരുന്നു. കർത്താവ് ശിഷ്യന്മാരിലേക്ക് തന്നെത്തന്നെ ഊതിയതിനുശേഷം, അവൻ അവരിൽ വസിക്കുകയും അവരോടൊത്ത് താമസിക്കുകയും ചെയ്തു. തന്റെ സാന്നിദ്ധ്യം സംബന്ധിച്ച് ശിഷ്യന്മാർ എല്ലായ്പ്പോഴും ബോധവാന്മാർ അല്ലാതിരുന്നതുകൊണ്ട്, അവന്റെ പ്രത്യക്ഷപ്പെടലിന്റെ ആവശ്യമുണ്ടായിരുന്നു. ഈ വാക്യത്തിലെ അവന്റെ വരവ് വാസ്തവത്തിൽ ഒരു വരവല്ലായിരുന്നു; അത് അവന്റെ സാന്നിദ്ധ്യത്തിന്റെ ഒരു പ്രത്യക്ഷപ്പെടലായിരുന്നു. തന്റെ മരണത്തിനു മുമ്പ്, കർത്താവിന്റെ സാന്നിദ്ധ്യം ജഡത്തിൽ ദൃശ്യമായിരുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷം, അവന്റെ സാന്നിദ്ധ്യം ആത്മാവിൽ അദൃശ്യമാണ്. അവന്റെ പുനരുത്ഥാനത്തിനു ശേഷമുള്ള വെളിപ്പെടലുകൾ അഥവാ പ്രത്യക്ഷപ്പെടലുകൾ, അവന്റെ ദൃശ്യസാന്നിദ്ധ്യത്തെക്കാൾ കൂടുതൽ ലഭ്യവും പ്രബലവും വിലയേറിയതും സമ്പന്നവും യഥാർത്ഥവും ആയ അവന്റെ അദൃശ്യ സാന്നിദ്ധ്യം ബോധ്യമാകുവാനും ആസ്വദിക്കുവാനും ആചരിക്കുവാനും ശിഷ്യന്മാരെ പരിശീലിപ്പിക്കുവാൻ ആയിരുന്നു. അവന്റെ ഈ പ്രിയ സാന്നിദ്ധ്യം, അവൻ ശിഷ്യന്മാരിലേക്ക് ഊതിയവനും അവരോടൊത്ത് എല്ലാ സമയത്തും ആയിരിക്കുന്നവനുമായ അവന്റെ പുനരുത്ഥാനത്തിലുള്ള ആത്മാവുതന്നെയാണ്.

## C. അവന്റെ പുനരുത്ഥാനം ചെയ്ത ശരീരത്തിൽ അവശേഷിച്ച മരണത്തിന്റെ പാടുകളാൽ ശിഷ്യന്റെ അവിശ്വാസത്തോട് ഇടപെടുന്നു

“നിന്റെ വിരൽ ഇങ്ങോട്ടുനീട്ടി എന്റെ കൈകൾ കാണുക; നിന്റെ കൈനീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസി ആകാതെ വിശ്വാസിയായിരിക്കുക” എന്ന് 20:27-ൽ കർത്താവ് തോമസിനോട് പറഞ്ഞു. പുനരുത്ഥാനത്തിൽ കർത്താവുമായിട്ടുള്ള ആദ്യയോഗം തോമസിന് നഷ്ടമായതിനാൽ, അവൻ വളരെ പിന്നാക്കമായിപ്പോയിരുന്നു. ഇപ്പോൾ, കർത്താവിന്റെ പുനരുത്ഥാനശരീരത്തിൽ അവശേഷിച്ച അവന്റെ മരണത്തിന്റെ പാടുകളിലേക്ക് ചൂണ്ടിക്കൊണ്ട്, ഈ അവിശ്വാസിയായ ശിഷ്യനോട് ഇടപെടുവാൻ കർത്താവ് പ്രത്യക്ഷനായി. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, അപ്പോഴും മരണത്തിന്റെ പാടുകൾ അവന്റെ പുനരുത്ഥാനം ചെയ്ത ശരീരത്തിൽ എങ്ങനെ ഉണ്ടായിരുന്നു എന്ന് എനിക്ക് അറിഞ്ഞുകൂടാ. തോമസ് ഏറ്റവും പിന്നാക്കം പോയിരുന്നുവെങ്കിലും, സഭയുടെ രണ്ടാമത്തെ യോഗത്തിനുശേഷം, തോമസ് ഒന്നാമനായി, കാരണം,“എന്റെ കർത്താവും എന്റെ ദൈവവുമേ!”(20:28)എന്ന് പറഞ്ഞത് അവനായിരുന്നു. മനുഷ്യപുത്രൻ കർത്താവും (പ്രവൃ.2:36;10:36; റോമ.14:9;10:12-13; 1കൊരി.12:3; 2 കൊരി.4:5; ഫിലി.2:11) ദൈവവും (യോഹ.1:1-2;5:17-18;10:30-33; റോമ.9:5; ഫിലി.2:6;1 യോഹ.5:20) ആണെന്ന് ആദ്യം തിരിച്ചറിഞ്ഞത് തോമസായിരുന്നു.

തോമസ് ഒന്നാമനായിരുന്നത് മനുഷ്യപുത്രൻ കർത്താവും ദൈവവും ആണ് എന്ന് തിരിച്ചറിയുന്നതിൽ മാത്രമായിരുന്നില്ല. യേശു കർത്താവും ദൈവംതന്നെയും ആണെന്ന് പ്രഖ്യാപിക്കുന്നതിലും അവൻ ഒന്നാമനായിരുന്നു.

## D. ശിഷ്യന്മാരെ പരിശീലിപ്പിക്കുന്നു

"നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ അനുഗ്രഹീതർ"എന്ന് 20:29-ൽ കർത്താവ് തോമസിനോട് പറഞ്ഞു. തോമസിന്റെ അവിശ്വാസത്തോട് ഇടപെടുവാൻ മാത്രമായിരുന്നില്ല, കാണാതെ വിശ്വസിക്കുവാൻ ശിഷ്യന്മാരെ പരിശീലിപ്പിക്കുവാനും ആയിരുന്നു കർത്താവ് പ്രത്യക്ഷനായത്. തന്റെ അദൃശ്യസാന്നിദ്ധ്യം ആചരിക്കുവാൻ കർത്താവ് അവരെ പരിശീലിപ്പിക്കുകയായിരുന്നു. പുനരുത്ഥാനത്തിലുള്ള കർത്താവിന്റെ സാന്നിദ്ധ്യം ഇന്ന് ഒരു ദൃശ്യസാന്നിദ്ധ്യം അല്ല, പിന്നെയോ ഒരു അദൃശ്യസാന്നിദ്ധ്യം ആയതുകൊണ്ട്, നാം കാണാതെ വിശ്വസിക്കണം. വിശ്വസിക്കുന്നതിനു മുമ്പ് കാണുവാൻ നാം പ്രതീക്ഷിക്കുന്നുവെങ്കിൽ, അത് തെറ്റാണ്. ഇപ്പോഴുള്ള കർത്താവിന്റെ സാന്നിദ്ധ്യം അവൻ ജഡത്തിൽ ആയിരുന്നപ്പോൾ പോലുള്ളത് അല്ലാത്തതിനാൽ, നാം കാണാതെ വിശ്വസിക്കുവാൻ പരിശീലിക്കണം. അത് അവന്റെ ദൃശ്യസാന്നിദ്ധ്യമായിരുന്നു. ഇപ്പോൾ അവന്റെ സാന്നിദ്ധ്യം അദൃശ്യമായതുകൊണ്ട്, അത് ബോധ്യമാകുവാൻ നാം നമ്മുടെ വിശ്വാസം പ്രയോഗിക്കണം. നമുക്ക് അവനെ കാണുവാൻ കഴിയുകയില്ലെങ്കിലും, അവൻ നമ്മോടൊപ്പം ഉണ്ടെന്നുള്ള ഉറപ്പ് നമുക്കുണ്ട്. പ്രവൃത്തികൾ 1:3-4 പ്രകാരം, തന്റെ അദൃശ്യസാന്നിദ്ധ്യം അനുഭവിച്ചറിയുവാനും ആചരിക്കുവാനും നാൽപ്പത് ദിവസം കർത്താവ് ശിഷ്യന്മാരോടൊത്ത് കഴിഞ്ഞു.

## E. യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം

"ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു,"എന്ന് 30-ഉം 31-ഉം വാക്യങ്ങൾ പറയുന്നു. യേശുവിനെ ക്രിസ്തു(1:41; 4:25,29;7:41-42; മത്താ.16:16; ലൂക്കൊ.2:11)എന്നും ദൈവത്തിന്റെ പുത്രൻ(1:34,49;9:35;10:36; മത്താ.16:16; ലൂക്കൊ.1:35)എന്നും സാക്ഷ്യപ്പെടുത്തുക എന്നതാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം എന്ന് ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു. ജീവന്റെയും കെട്ടുപണിയുടെയും കാര്യം സാക്ഷ്യപ്പെടുത്തുന്നതിന് ഉപകരിക്കുന്നതായ തിരഞ്ഞെടുക്കപ്പെട്ട കാര്യങ്ങളുടെ ഒരു രേഖയാണ് ഈ സുവിശേഷം എന്ന് 21:25-നോട് ചേർന്ന് ഈ വാക്യങ്ങൾ സ്ഥിരീകരിക്കുന്നു.

കർത്താവിന്റെ പദവി, നിയോഗം അനുസരിച്ചുള്ള അവന്റെ സ്ഥാന നാമമാണ് ക്രിസ്തു എന്നത്. തന്റെ വ്യക്തിത്വപ്രകാരമുള്ള അവന്റെ സ്ഥാനനാമമാണ് ദൈവപുത്രൻ എന്നത്. അവന്റെ വ്യക്തിത്വം ദൈവത്തിന്റെ ജീവനെ സംബന്ധിച്ച കാര്യവും, അവന്റെ നിയോഗം ദൈവത്തിന്റെ പ്രവൃത്തിയെ സംബന്ധിച്ച കാര്യവുമാണ്. ദൈവത്തിന്റെ ക്രിസ്തുവായിരിക്കുവാൻ ആണ് അവൻ ദൈവപുത്രനായിരിക്കുന്നത്. മനുഷ്യരും, അവനിൽ വിശ്വസിക്കുന്നതിനാൽ, ദൈവപുത്രന്മാർ ആയിത്തീരുവാനും സംഘാത ക്രിസ്തുവിനെ കെട്ടുപണി ചെയ്യുന്നതിന് ദൈവജീവനിൽ പ്രവർത്തിക്കുവാനും(1 കൊരി.12:12), അങ്ങനെ ശാശ്വതമായ കെട്ടുപണി എന്ന ദൈവനിർണയം നിറവേറ്റുവാനും ദൈവജീവൻ പ്രാപിക്കുന്നതിന് ദൈവജീവനാൽ ദൈവത്തിനുവേണ്ടി അവൻ പ്രവർത്തിക്കുന്നു.